ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. ടി. എസ്. ജോൺ):

(എ) കേരളാ സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ.

(ബി) തിരുവനന്തപുരം ജില്ലയിൽ ഒരു വ്യാപാരി സാധനങ്ങൾ ലഭിക്കുന്നതിലുള്ള കാലതാമസത്തെപ്പറ്റി വാക്കാൽ പരാതിപ്പെട്ടിട്ടുണ്ട്.

പുതിയ താലൂക്കുകൾ രൂപീകരിക്കാൻ നടപടി

*155 [168] ശ്രീ. വി. ജെ. ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ താലൂക്കുകൾ രൂപീകരിക്കുന്നതിനുള്ള നിർദ്ദേശം ഗവൺമെൻറിന്റെ പരിഗണനയിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനുള്ള നടപടികൾ ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

റവന്യൂവും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. ബേബി ജോൺ):

(എ, ബി) താലൂക്കുകളും വില്ലേജുകളും പുനഃസംഘടിപ്പിക്കുന്ന കാര്യത്തിൽ അന്തിമ തീരുമാനമൊന്നും ഇതേവരെ എടുത്തിട്ടില്ല. 1981-ലെ കാനേഷുമാരിയെ സംബന്ധിച്ചുള്ള ജോലികൾ നടന്നുകൊണ്ടിരിക്കുന്ന സമയമാണിത്. അതിന്റെ സുഗമമായ നടത്തിപ്പിന് വിഘാതം വരുമെന്നുള്ളതിനാൽ 1981 ജൂൺവരെ താലൂക്ക്, വില്ലേജ് മുതലായവകളുടെ അതിർത്തികളിൽ മാറ്റങ്ങൾ വരുത്തരുതെന്നുള്ള ഒരു നിർദ്ദേശം കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ചിട്ടുണ്ട്. ഈ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ എന്തു ചെയ്യണമെന്ന് ആലോചിക്കുകയാണ്.

ദേശീയ സമ്പാദ്യപദ്ധതി

*156 [169] ശ്രീ. കെ. സുകുമാരനുണ്ണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ സമ്പാദ്യപദ്ധതി പ്രകാരം സംസ്ഥാനത്തിൽനിന്ന് എത്ര തുക സംഭരിച്ചു;

(ബി) ഈ പദ്ധതി വിജയിപ്പിക്കാൻ വല്ല നിർദ്ദേശങ്ങളുമുണ്ടോ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. എസ്. വരദരാജൻ നായർ):

(എ) 1978-79-ൽ മൊത്തനിക്ഷേപമായി 58.42 കോടി രൂപയും മിച്ച നിക്ഷേപമായി 14.52 കോടി രൂപയും സമാഹരിച്ചു.

(ബി) നടപ്പു സാമ്പത്തിക വർഷത്തിൽ 50 കോടി രൂപയുടെ മൊത്ത നിക്ഷേപവും, 10 കോടി രൂപയുടെ മിച്ച നിക്ഷേപവും സമാഹരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. പ്രചരണ പരിപാടികൾ ഊർജ്ജിതപ്പെടുത്താനും, പേ റോൾ സംവിധാനം, ഏജൻറൻമാർ, സഞ്ചയിക എന്നിവ വഴി കൂടുതൽ സമ്പാദ്യം സ്വരൂപിക്കാനും മറുനാടൻ മലയാളികൾ നാട്ടിലേക്ക് അയയ്ക്കുന്ന പണത്തിന്റെ ഒരു ഭാഗം ഈ പദ്ധതിവഴി സമാഹരിക്കാനും പരിപാടികൾ ആസൂത്രണം ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly